**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 797** **24-02-2022 - ൽ മറുപടിയ്ക്ക്**

**കോർപ്പസ് ഫണ്ട് അനുവദിക്കുന്നതിലെ മാനദണ്ഡങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | **Shri K. Radhakrishnan**<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | കോർപ്പസ് ഫണ്ട് അനുവദിക്കുന്നതിന്റെ മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ; | (എ) | 2014-15 ബഡ്ജറ്റ് പ്രകാരം കോർപ്പസ് ഫണ്ടിന്റെ 1/3 തുക ജില്ലാതലത്തിൽ വിനിയോഗിക്കണം എന്നും ഇതിൽ 25 ലക്ഷം രൂപവരെയുള്ള പദ്ധതികളുടെ ഭരണാനുമതി ഉത്തരവ് ജില്ലയിൽ നടപ്പിലാക്കണം എന്നും നിർദ്ദേശിച്ചിരുന്നു. കൂടാതെ ഇത്തരത്തിലുള്ള ഭരണാനുമതി ഉത്തരവ് നൽകുന്നതിന് ജില്ലാതലത്തിൽ ഒരു കമ്മിറ്റി രൂപീകരിക്കേണ്ടതാണ് എന്നും ബഡ്ജറ്റിൽ പറയുന്നു. ഇപ്രകാരം ജില്ലാതലത്തിൽ ഭരണാനുമതി നൽകുന്നതിനും പദ്ധതികൾ നടപ്പിലാക്കുന്നതിനും മോണിറ്റർ ചെയ്യുന്നതിനുള്ള വിശദാംശം ഉൾക്കൊള്ളുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു. 1. കുടിവെള്ള വിതരണം - പട്ടിക വിഭാഗങ്ങൾക്ക് വ്യക്തിഗത കണക്ഷനും, ജനറൽ വിഭാഗക്കാർക്ക് ഒന്നോ രണ്ടോ പൊതുടാപ്പും നൽകുന്ന രീതിയിൽ ഫീസിബിലിറ്റി, ഗുണഭോക്തൃ ലിസ്റ്റ്, സോഷ്യൽ മാപ്പ് എന്നിവ ലഭ്യമാക്കി പദ്ധതി നടപ്പിലാക്കണം. 2. ഗതാഗത സൗകര്യ വികസനം - കോളനിക്കുള്ളിലെ റോഡുകൾ, സംരക്ഷണ ഭിത്തി, കലുങ്ക് എന്നിവ മാത്രം ജില്ലാ പട്ടികജാതി വികസന ഓഫീസറുടെ ഫീസിബിലിറ്റി ഉറപ്പാക്കി മാത്രം നടപ്പിലാക്കുന്നു. 3. വൈദ്യുതി വിതരണം - പട്ടികജാതി സങ്കേതങ്ങൾ, ഒറ്റപ്പെട്ട കുടുംബങ്ങൾ, കോളനിക്കുള്ളിലെ വഴി വിളക്കുകൾ എന്നിവ മാത്രം. 4. പട്ടികജാതി സങ്കേതങ്ങളിലെ വിദ്യാർത്ഥികളുടെ സമഗ്ര പുരോഗതിക്ക് ഉതകുന്ന പ്രൊജക്ടുകൾ DIET ന്റെ സഹായത്തോടെ തയ്യാറാക്കി ജില്ലാ സമിതി പരിശോധിച്ച് നിർവ്വഹണം നടത്തുന്നു. 5. നിലവിൽ പട്ടികജാതി ക്ഷേമത്തിനായി വകുപ്പ്/തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കിയ ഏതെങ്കിലും പ്രത്യേക ഘടകപദ്ധതി അടിസ്ഥാനത്തിലുള്ള പ്രൊജക്ട് പൂർത്തീകരിക്കുകയും |

| | | | |
|---|---|---|---|
| | | | എന്നാൽ ഏതെങ്കിലും കാരണങ്ങളാൽ കമ്മീഷൻ ചെയ്യുവാൻ സാധിക്കാതെ വരികയും ചെയ്തിട്ടുള്ള പ്രൊജക്ട് കമ്മീഷൻ ചെയ്യുന്നതിനും ഈ തുക വിനിയോഗിക്കാവുന്നതാണ്. 6. വിജ്ഞാൻവാടികളുടെ ആവർത്തന ചെലവുകൾ |
| (ബി) | പട്ടികജാതി ജനസംഖ്യക്ക് ആനുപാതികമായാണോ ഫണ്ട് അനുവദിക്കുന്നതെന്ന് വെളിപ്പെടുത്താമോ; | (ബി) | ജില്ലകളിലെ പട്ടികജാതി ജനസംഖ്യക്ക് ആനുപാതികമായിട്ടാണ് 1/3 കോർപ്പസ് ഫണ്ട് പദ്ധതി പ്രകാരം തുക അനുവദിക്കുന്നത്. |
| (സി) | എറണാകുളം ജില്ലയിൽ 2020-21, 2021-22 എന്നീ കാലഘട്ടങ്ങളിൽ കോർപ്പസ് ഫണ്ടിലൂടെ അനുവദിച്ച പ്രവൃത്തികളും തുകയും സംബന്ധിച്ച വിശദാംശങ്ങൾ നിയോജക മണ്ഡലാടിസ്ഥാനത്തിൽ വ്യക്തമാക്കാമോ; | (സി) | 2019-20 സാമ്പത്തിക വർഷം അനുവദിച്ച പ്രവൃത്തികൾ പൂർത്തിയാക്കാൻ ഉണ്ടായിരുന്നതിനാൽ 2020-21 സാമ്പത്തിക വർഷം 1/3 കോർപ്പസ് ഫണ്ടിൽ പുതിയ പദ്ധതികൾ ഏറ്റെടുക്കുന്നതിനായി തുക അനുവദിച്ചിരുന്നില്ല. 2021-22 സാമ്പത്തിക വർഷം അനുവദിച്ച പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധം-I ആയി ചേർക്കുന്നു. |
| (ഡി) | വൈപ്പിൻ നിയോജക മണ്ഡലത്തിൽ 2021-22 വർഷത്തിൽ സമർപ്പിച്ച പദ്ധതികൾ ഏതെല്ലാം; അനുവദിച്ച പദ്ധതികൾ ഏതെല്ലാം? | (ഡി) | വൈപ്പിൻ മണ്ഡലത്തിൽ 2021-22 വർഷത്തിൽ സമർപ്പിച്ച പദ്ധതികളുടെയും അതിൽ അനുവദിച്ച പദ്ധതികളുടെയും വിശദാംശങ്ങൾ അനുബന്ധം-II ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം-I

| ക്രമ നം. | പദ്ധതിയുടെ പേര് | ബ്ലോക്ക് /മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ | നിയോജക മണ്ഡലം | അടങ്കൽ തുക (ലക്ഷത്തിൽ |
|---|---|---|---|---|
| 1 | മുണ്ണൂർ വെസ്റ്റ് പട്ടികജാതി കോളനി – കുടിവെള്ള പദ്ധതി | കോട്ടപ്പടി /കോതമംഗലം | കോതമംഗലം | 15 |
| 2 | മണ്ണൂർ മോളം കോളനി-കുടിവെള്ള പദ്ധതി | കോട്ടപ്പടി /കോതമംഗലം | | 5 |
| 3 | കക്കാട്ടൂർ പട്ടികജാതി കോളനി-റോഡ് കോൺക്രീറ്റിംഗ് | വാരപ്പെട്ടി /കോതമംഗലം | | 21 |
| 4 | ചേപ്പനം ശ്മശാനം റോഡ് ടൈൽ വിരിക്കൽ, ഡ്രെയിനേജ് നിർമ്മാണം | കുമ്പളം/പള്ളുരുത്തി | തൃപ്പൂണിത്തുറ | 24.8 |
| 5 | ഇടമനക്കുന്ന് പട്ടികജാതി കോളനി സംരക്ഷണഭിത്തി നിർമ്മാണം | പാലാക്കുഴ/പാമ്പാക്കുട | പിറവം | 18 |
| 6 | അഴകത്തൂർ കോളനി കുടിവെള്ള പദ്ധതി | എടക്കാട്ടുവയൽ /മുളന്തുരുത്തി | | 25 |
| 7 | വാതക്കാട് പട്ടികജാതി കോളനി-റോഡ് നിർമ്മാണം | തുറവൂർ/അങ്കമാലി | അങ്കമാലി | 25 |
| 8 | പുലിമല പട്ടികജാതി കോളനി-കുടിവെള്ള പദ്ധതി | രായമംഗലം /കൂവപ്പടി | പെരുമ്പാവൂർ | 14.92 |
| 9 | കുന്നക്കാട്ടുമല പട്ടികജാതി കോളനി-റോഡ് ടൈൽ വിരിക്കൽ | ഒക്കൽ/കൂവപ്പടി | | 8.9 |
| 10 | വഴിപ്പൂഴ പട്ടികജാതി കോളനി-റോഡ് കോൺക്രീറ്റിംഗ് | അശമന്നൂർ/കൂവപ്പടി | | 5.5 |
| 11 | അറയ്ക്കൽ തോട് പട്ടികജാതി കോളനി-സംരക്ഷണ ഭിത്തി നിർമ്മാണം | ഞാറയ്ക്കൽ /വൈപ്പിൻ | | 8.2 |
| **ആകെ** | | | | **171.32** |

# അനുബന്ധം-II

**ലഭ്യമായ പദ്ധതികൾ**

| ക്രമ നം. | പദ്ധതിയുടെ പേര് | പഞ്ചായത്ത് |
|---|---|---|
| 1 | തേങ്ങാത്തറ പട്ടികജാതി കോളനി-റോഡ് റീ ടാറിംഗ് | ഞാറയ്ക്കൽ/വൈപ്പിൻ |
| 2 | മൂരിപ്പാടം റോഡ്, വാർഡ്-9, കട്ട വിരിക്കൽ | എടവനക്കാട്/വൈപ്പിൻ |
| 3 | പട്ടികജാതി സെറ്റിൽമെന്റ് കോളനി വാർഡ് -7, റോഡ് കോൺക്രീറ്റിംഗ് | കുഴുപ്പിള്ളി/വൈപ്പിൻ |
| 4 | തേങ്ങാത്തറ പട്ടികജാതി കോളനി- സംരക്ഷണഭിത്തി നിർമ്മാണം, റോഡ് റീ ടാറിംഗ് | നായരമ്പലം/വൈപ്പിൻ |
| 5 | സുനാമി പട്ടികജാതി കോളനി- കൾവെർട്ട് പുനർ നിർമ്മാണം | നായരമ്പലം/വൈപ്പിൻ |
| 6 | പയ്യപ്പിള്ളി റോഡ് നിർമ്മാണം | എടവനക്കാട്/വൈപ്പിൻ |
| 7 | തെക്കേക്കാട് കോളനി - റോഡ് റീ ടാറിംഗ്, കാന നിർമ്മാണം, കൾവെർട്ട് നിർമ്മാണം, ടൈൽ വിരിക്കൽ | പള്ളിപ്പുറം/വൈപ്പിൻ |
| 8 | ലൈറ്റ് ഹൗസ് പട്ടികജാതി കോളനി-റോഡ് റീ കോൺക്രീറ്റിംഗ് | ഞാറയ്ക്കൽ/വൈപ്പിൻ |
| 9 | ലക്ഷം വീട് കോളനി-റോഡ് റീ കോൺക്രീറ്റിംഗ് | പള്ളിപ്പുറം/വൈപ്പിൻ |
| 10 | കോലോത്തറ പട്ടികജാതി കോളനി - റോഡ് പുനർ നിർമ്മാണം | നായരമ്പലം/വൈപ്പിൻ |
| 11 | പുഞ്ചത്തറ, വാഴത്തറ പട്ടികജാതി കോളനി - ഡ്രെയിനേജ് നിർമ്മാണം, സൈഡ് പ്രൊട്ടക്ഷൻ വാൾ നിർമ്മാണം | നായരമ്പലം/വൈപ്പിൻ |
| | **അനുവദിച്ച പദ്ധതികൾ** | |
| 1 | അറക്കൽതോട് പട്ടികജാതി കോളനി - സംരക്ഷണഭിത്തി നിർമ്മാണം | ഞാറയ്ക്കൽ/വൈപ്പിൻ |